**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1715 07.03.2018 ൽ മറുപടി നൽകേണ്ടിയിരുന്നത്

## ഡയാലിസിസ് രോഗികൾ

| ചോദ്യം<br>ശ്രീ.രാജു എബ്രഹാം | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ഡയാലിസിസ് രോഗികളുടെ എണ്ണം വർദ്ധിച്ചു വരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഡയാലിസിസ് മെഷീനുകൾ ലഭിക്കാത്തതിനാൽ രോഗികൾ അമിത ചാർജ്ജ് നൽകി സ്വകാര്യ ആശുപത്രികളിൽ അഭയം തേടുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് ഒഴിവാക്കാൻ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്, രോഗികളുടെ എണ്ണം വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ ഇതു പരിഹരിക്കുന്നതിനായി ഡയാലിസിസ് യൂണിറ്റുകൾ വിവിധ ആശുപത്രികളിൽ ഒരുക്കി വരുന്നു. നിലവിൽ കിഫ്ബി പദ്ധതി മുഖേന തെരെഞ്ഞെടുക്കപ്പെട്ട 44 താലൂക്ക് ആശുപത്രികളിൽ ഡയാലിസിസ് സെന്ററുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുന്നതിന് കെ.എം.എസ്.സി.എൽ-ന് നിർദ്ദേശം നൽകിയിട്ടുണ്ട്. 2015-16, 2016-17 ലെ പ്ലാൻ പദ്ധതി പ്രകാരം നെടുങ്ങോലം, ഹരിപ്പാട്, വർക്കല, തിരുവനന്തപുരം ഫോർട്ട് എന്നീ താലൂക്ക് ആശുപത്രികളിലും 2017-18 പദ്ധതിയിൽ അടിമാലി, കട്ടപ്പന, ആറ്റിങ്ങൽ എന്നീ സ്ഥാപനങ്ങളിൽ ഡയാലിസിസ് സൗകര്യം ഒരുക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. മറ്റ് ആശുപത്രികളുടെ വിശദ വിവരം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ബജറ്റിൽ പ്രഖ്യാപിച്ചതുപോലെ എല്ലാ താലൂക്ക് ആശുപത്രികളിലും കുറഞ്ഞത് 15 ഡയാലിസിസ് മെഷീനുകൾ സ്ഥാപിച്ച് രോഗികൾക്ക് സൗജന്യമായി ഡയാലിസിസ് ചികിത്സ നൽകാൻ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ബി) | ഇത് ഘട്ടം ഘട്ടമായി മാത്രമേ സാധ്യമാവുകയുള്ളൂ. നിലവിൽ എല്ലാ രോഗികൾക്കും സൗജന്യമായി ഡയാലിസിസ് നൽകുന്നതിൽ സാങ്കേതിക തടസ്സമുണ്ട്. ഡയാലിസിസിനുള്ള കൺസ്യൂമബിൾസും മരുന്നുകളും എസ്സൻഷ്യൽ ഡ്രഗ് ലിസ്റ്റിൽ ഉൾപ്പെടുത്തിയാലെ സൗജന്യമായി നൽകാൻ കഴിയുകയുള്ളൂ. ഈ വിഷയം പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ